www.prepp.in

Prepp
Your Personal Exams Guide

SET **A**

Question Paper Booklet Sl. No.	113649

K-TET - NOVEMBER 2024

Roll No. | | | | | | |

Category - I | **Part - 1**

Question Paper Code	Area/Subjects	No. of Questions	Sl. No. of Questions	Sl. No. of Pages
501	Child Development and Pedagogy	30	1 to 30	3 to 12
	Mathematics	30	31 to 60	13 to 21
	Environmental Studies	30	61 to 90	22 to 30

Space for Rough Work - Page No. : 2 and 31

Instructions - Page No. : 1 and 32

INSTRUCTIONS

Candidates are advised to read the instructions given in the cover pages of the Question Booklet very carefully. Non-compliance of any of these may result in cancellation of the OMR Answer Sheet.

1. Don't open the Question Booklet seal before the scheduled time of examination. Before attempting the paper, the candidates should make sure that no page or question is missing from the Question Paper. In case there is any discrepancy, it should be immediately reported to the invigilator in the room for obtaining a full shaped Question Paper.
2. There will be no negative mark.
3. Ensure same set code of question paper for all Parts in the examination.
4. For answering questions, select the most appropriate answer from the options concerned and candidates are advised to follow instructions strictly given in the Question paper and on the OMR Answer Sheet.
5. Fill in all the entries on the top part of the OMR Answer Sheet before beginning to answer questions. For entering booklet number, take the serial number of part one.
6. Use only Blue/Black Ball Point Pen for answering questions on OMR Answer Sheet.
7. No identification mark, other than where asked for, on the OMR Answer Sheet, is permitted. If done so, the OMR Answer Sheet is liable to be treated as cancelled. The decision of the Secretary, Pareeksha Bhavan in this regard shall be final.

www.prepp.in

Prepp
Your Personal Exams Guide

CATEGORY - 1
PART - 1
Child Development and Pedagogy
Question Numbers 1 to 30

1. റോബിൻ കണക്കിൽ വളരെ മോശമാണ്. താഴെ പറയുന്നവയിൽ എന്തായിരിക്കാം അതിനുള്ള കാരണങ്ങൾ ?

(1) പഠന ശൈലി

(2) അഭിപ്രേരണ

(3) അത്യന്തമായ ആകാംക്ഷ

(4) മുന്നറിവുകളുടെ അഭാവം

(A) (1) ഉം (2) ഉം മാത്രം

(B) (1), (2), (3), (4) എന്നിവ

(C) (2) ഉം (3) ഉം മാത്രം

(D) (3) ഉം (4) ഉം മാത്രം

1. Robin is very weak in Mathematics. Which among the following are the reason for that ?

(1) Learning style

(2) Motivation

(3) Extreme anxiety

(4) Lack of prior knowledge

(A) (1) and (2) only

(B) (1), (2), (3) and (4)

(C) (2) and (3) only

(D) (3) and (4) only

2. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായുള്ള യു.എൻ. കൺവെൻഷൻ നടന്നത് എന്നാണ് ?

(A) 13 നവംബർ 2006

(B) 13 ഒക്ടോബർ 2006

(C) 13 ഡിസംബർ 2016

(D) 13 നവംബർ 2005

2. UN convention on the Rights of Persons with disabilities was held on :

(A) 13 November 2006

(B) 13 October 2006

(C) 13 December 2016

(D) 13 November 2005

3. തന്റെ പാവയോട് നാലുവയസ്സു പ്രായമുള്ള കുട്ടി സംസാരിക്കുകയും കഥകൾ പറഞ്ഞ് ഉറക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പിയാഷെയുടെ അഭിപ്രായത്തിൽ ഇത് ഏതിനുള്ള ഉദാഹരണമാണ് ?

(A) അനുമാന-നിഗമനചിന്ത

(B) അനിമിസ്റ്റിക് ചിന്ത

(C) വസ്തു സ്ഥൈര്യം

(D) കേന്ദ്രീകരണം

3. A four year old child is talking to its toy and making it to sleep by telling stories. According to Piaget, it is an example for :

(A) Hypothetico-deductive reasoning

(B) Animistic thought

(C) Object permanence

(D) Centration

www.prepp.in

Prepp
Your Personal Exams Guide

4. സ്ഥാനാന്തരണം എന്ന പ്രതിരോധ തന്ത്രത്തിന് ഉദാഹരണമേത് ?

(1) അധ്യാപകന്റെ ശിക്ഷ ലഭിച്ച കുട്ടി, വീട്ടിൽവന്ന് സ്വന്തം അനുജനെ ആക്രമിക്കുന്നു.

(2) പ്രിൻസിപ്പാളിന്റെ വഴക്ക് കേട്ട ഉദ്യോഗസ്ഥൻ തിരിച്ച് ഒന്നും പ്രതികരിക്കാതെ വീട്ടിൽ വന്ന് ഭാര്യയെ വഴക്കു പറയുന്നു.

(3) മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കോളേജ് വിദ്യാർത്ഥി കൈവിരലുകൾ വലിച്ചു കുടിക്കുന്നു.

(A) (1), (2), (3) എന്നിവ

(B) (1) ഉം (3) ഉം മാത്രം

(C) (1) ഉം (2) ഉം മാത്രം

(D) (2) ഉം (3) ഉം മാത്രം

4. Which one is an example for the defence mechanism displacement ?

(1) A student who was punished by the teacher, attacks his younger brother at home.

(2) An employee who was screamed by the principal, yell at his wife later that night, without screaming back to the principal.

(3) A college student sucks the thumb during a stressful situation.

(A) (1), (2) and (3)

(B) (1) and (3) only

(C) (1) and (2) only

(D) (2) and (3) only

5. ഗിൽഫോർഡ് നിർദ്ദേശിച്ച ബുദ്ധിയുടെ ത്രിമാന മാതൃക (SOI)യുമായി ബന്ധപ്പെട്ട് വേറിട്ട് നിൽക്കുന്നത് ഏത് ?

(A) വിഭാഗം

(B) ഏകകങ്ങൾ

(C) മൂല്യനിർണയം

(D) ബന്ധങ്ങൾ

5. According to Guilford's SOI theory of intellect, which one is an odd one ?

(A) Classes

(B) Units

(C) Evaluation

(D) Relations

6. മറ്റുള്ള ഘടകങ്ങളെ അവഗണിച്ച് ഒരു ഘടകത്തെ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രാഗ് മനോവ്യാപാര ഘട്ടത്തിലെ കുട്ടികളുടെ പ്രത്യേകതയാണ് :

(A) കേന്ദ്രീകരണം

(B) സഞ്ചയം

(C) വസ്തു സ്ഥായീകരണം

(D) വികേന്ദ്രീകരണം

6. During the pre-operational stage, children focus on one aspect at a time by neglecting others is called :

(A) Centration

(B) Accumulation

(C) Object permanence

(D) Decentration

www.prepp.in

Prepp
Your Personal Exams Guide

7. ഒരു അധ്യാപകൻ ക്ലാസിൽവെച്ച് താഴെ പറയുന്ന ഒരു പ്രസ്താവന പുറപ്പെടുവിച്ചു. "പെൺകുട്ടികൾ പ്രകൃത്യാലേ പരിപാലകരും ആൺ കുട്ടികൾ പ്രകൃത്യാലേ നേതാക്കളുമായിരിക്കും." ഇത് ഏതിനുള്ള ഉദാഹരണമാണ് ?

(A) ലിംഗ സ്ഥിര രൂപം

(B) ലിംഗ സമത്വം

(C) ലിംഗ അനന്യത

(D) ലിംഗ വിശ്വാസ്യത

7. A teacher has given the following comments in a class.
"Girls are natural nurturers, while boys are natural leaders".
It is an example for :

(A) Gender stereotype

(B) Gender equality

(C) Gender identity

(D) Gender believes

8. ചെറിയ ക്ലാസിലെ കുട്ടികളുടെ ഭാഷാ വികസനത്തിന് താഴെ കൊടുത്തിരിക്കുന്ന ഏതൊക്കെ പ്രവർത്തനങ്ങൾ നിർദ്ദേശിക്കാം ?

(1) നിറങ്ങളുടെ അടിസ്ഥാനത്തിൽ അക്ഷരങ്ങൾ തരം തിരിക്കുക.

(2) കുത്തുകൾ തമ്മിൽ യോജിപ്പിച്ച് അക്ഷരങ്ങൾ നിർമിക്കുക.

(3) വിരലടയാളം ഉപയോഗിച്ച് അക്ഷരങ്ങൾക്ക് നിറം പകരുക.

(4) അക്ഷരങ്ങൾ കൊണ്ടുള്ള ബ്ലോക്ക് നിർമാണ പ്രവർത്തനം.

(A) (1), (2), (3), (4) എന്നിവ

(B) (1), (2), (3) എന്നിവ മാത്രം

(C) (1) ഉം (4) ഉം മാത്രം

(D) (2) ഉം (3) ഉം മാത്രം

8. Which among the following activities can be suggested for the language development of children in lower classes ?

(1) Sorting the letters based on colour

(2) Connect the dots to make a letter

(3) Shading the letter with finger prints

(4) Building block game with letters

(A) (1), (2), (3) and (4)

(B) (1), (2) and (3) only

(C) (1) and (4) only

(D) (2) and (3) only

www.prepp.in

Prepp
Your Personal Exams Guide

9. ഒരു ഉൾച്ചേർക്കൽ ക്ലാസ്മുറിയിൽ, അധ്യാപകർ,

(1) വ്യത്യസ്ത പഠന സാങ്കേതികങ്ങൾ ഉപയോഗിക്കുന്നു.

(2) കുട്ടികളുടെ ആട്ടോണമി പരിപോഷിപ്പിക്കുന്നു.

(3) സഹവർത്തിത പഠന പ്രവർത്തനങ്ങൾ ഉപയോഗിക്കുന്നു.

(4) സുരക്ഷിതവും ഋണാത്മകവുമായ പരിസരം സൃഷ്ടിക്കുന്നു.

(A) (1) ഉം (4) ഉം മാത്രം

(B) (2) ഉം (3) ഉം മാത്രം

(C) (2), (3), (4) എന്നിവ

(D) (1), (2), (3), (4) എന്നിവ

9. In an inclusive classroom, teachers :

(1) Incorporates differentiated instruction

(2) Foster student autonomy

(3) Use collaborative learning activities

(4) Foster safe and positive environment

(A) (1) and (4) only

(B) (2) and (3) only

(C) (2), (3) and (4) only

(D) (1), (2), (3) and (4)

10. കുട്ടികളുടെ പേശീചാലക വികസനത്തിന് ഒരു ഉദാഹരണമാണ് :

(A) ഘരരൂപത്തിലുള്ള ആഹാരം കഴിക്കുവാൻ ആരംഭിക്കുന്നത്.

(B) കുട്ടിക്കാലത്ത് തനിച്ചാകുമ്പോൾ പേടി തോന്നുന്നത്.

(C) നിറങ്ങൾ തിരിച്ചറിയുവാൻ കഴിയുന്നത്.

(D) ഒന്നര വയസാകുമ്പോൾ നടന്നു തുടങ്ങുന്നത്.

10. An example for motor development in children is :

(A) Started eating solid food

(B) Feel sad while alone during childhood

(C) Started identifying colours

(D) Started walking at the age of 1½ years

www.prepp.in

Prepp
Your Personal Exams Guide

11. അബ്രഹാം മാസ്ലോയുടെ ആവശ്യ ശ്രേണിയിൽ ഒഴിഞ്ഞുപോയ ഭാഗത്ത് ഉൾപ്പെടുത്താവുന്ന ആവശ്യം ഏത് ?



(A) സാമൂഹിക ആവശ്യങ്ങൾ
(B) ആത്മ ബഹുമാന ആവശ്യകതകൾ
(C) ഭൗതികാവശ്യങ്ങൾ
(D) മുകളിൽ പറഞ്ഞവയെല്ലാം

12. സ്കൂളിലേക്കുള്ള തന്റെ ആദ്യദിനത്തിൽ റോബൻ ഒന്നിനു പിറകെ ഒന്നായി മൂന്ന് കുട്ടികളെ കണ്ടു; മൂന്നു പേരും റോബനെ നോക്കി ചിരിച്ചു. ഈ സ്കൂളിലെ കുട്ടികളെല്ലാം നല്ല സുഹൃത്തുക്കളാണെന്ന നിഗമനത്തിൽ റോബൻ എത്തിച്ചേർന്നു. ഇത് ഏത് തരം ചിന്തയാണെന്ന് തിരഞ്ഞെടുക്കുക :

(A) ആഗമന ചിന്ത
(B) ട്രാൻസ്ഡക്ടീവ് ചിന്ത
(C) നിഗമന ചിന്ത
(D) മുകളിൽ പറഞ്ഞതെല്ലാം

13. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ ലിംഗ അനന്യത (ജെൻഡർ ഐഡന്റിറ്റി) വികസിക്കുന്നത് :

(A) ഗുദ ഘട്ടം
(B) വദന ഘട്ടം
(C) ഫാലിക് ഘട്ടം
(D) നിർലീന ഘട്ടം

11. Which among the following needs can be placed in the blank space of Maslow's Hierarchy of needs ?



(A) Social needs
(B) Self esteem needs
(C) Physical needs
(D) All of the above

12. Roban met three children one after the other on his first day at school and all the three children smile at Roban. He came to the conclusion that all children in that school are friendly. Select the type of thinking :

(A) Inductive reasoning
(B) Transductive reasoning
(C) Deductive reasoning
(D) All of the above

13. According to Freud, Gender identity develops during :

(A) Anal stage
(B) Oral stage
(C) Phalic stage
(D) Latency stage

www.prepp.in

Prepp
Your Personal Exams Guide

14. ഹൊവാർഡ് ഗാർഡനറുടെ ബഹുമുഖ ബുദ്ധി സിദ്ധാന്ത പ്രകാരം താഴെ കൊടുത്തിരിക്കുന്നതിൽ ഏറ്റവും അനുയോജ്യമായി _____ ബന്ധപ്പെട്ടിരിക്കുന്നത് ഏത് ?

(A) ശില്പി - ഭാഷാപരമായ ബുദ്ധി

(B) തത്ത്വ ചിന്തകൻ - ശരീര-ചാലകബുദ്ധി

(C) ഡാൻസർ - അന്തർ-വൈയക്തിക ബുദ്ധി

(D) കർഷകൻ - പ്രകൃതിപര-മായ ബുദ്ധി

15. കുട്ടികളിലെ സൂക്ഷ്മ പേശീചാലക വികസനത്തിന് താഴെ പറയുന്ന ഏതൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റവും യോജിച്ചത് :

(1) നീന്തൽ

(2) മരം കയറൽ

(3) സ്വയം ആഹാരം കഴിക്കുവാൻ സ്പൂൺ നൽകൽ

(4) സ്ക്രൂ ഇടാനും അഴിക്കാനുമായി കളി-പ്പാട്ടം നൽകുക

(A) (1), (2), (3), (4) എന്നിവ

(B) (3) ഉം (4) ഉം മാത്രം

(C) (1) ഉം (2) ഉം മാത്രം

(D) ഇവയിൽ ഒന്നുമല്ല

16. ക്ലാസ് മുറികളിൽ ഉപയോഗിക്കുന്ന സഹായക സാങ്കേതിക വിദ്യയ്ക്ക് ഉദാഹരണമേത് ?

(A) വോയ്സ് ആക്ടിവേറ്റഡ് കമ്പ്യൂട്ടർ

(B) വീൽ ചെയർ

(C) വലിയ പ്രിന്റുകളോടുകൂടിയ പുസ്തകം

(D) മുകളിൽ പറഞ്ഞതെല്ലാം

14. According to Howard Gardner's multiple intelligence theory which among the following is the **most suitable** combination ?

(A) Sculptor - Linguistic intelligence

(B) Philosopher - Bodily kinaesthetic intelligence

(C) Dancer - Intrapersonal intelligence

(D) Farmer - Naturalistic intelligence

15. Which among the following activities can be best suitable for fine motor development in children ?

(1) Swimming

(2) Climbing a tree

(3) Spoon for self feeding

(4) Giving toys for screw/unscrew

(A) (1), (2), (3) and (4)

(B) (3) and (4) only

(C) (1) and (2) only

(D) None of the above

16. Which among the following is an example for assistive technology in the classroom ?

(A) Voice activated computer

(B) Wheel chair

(C) Large print books

(D) All the above

www.prepp.in

17. ചേരുംപടി ചേർക്കുക :

(a)	സ്കീമ	(1)	എറിക്സൺ
(b)	എൽ.എ.ഡി	(2)	വൈഗോഡ്സ്കി
(c)	ഐഡന്റിറ്റി ക്രൈസിസ്	(3)	പിയാഷേ
(d)	ഇസെഡ്.പി.ഡി	(4)	ചോംസ്കി

(A) (a)-(3), (b)-(4), (c)-(1), (d)-(2)
(B) (a)-(3), (b)-(4), (c)-(2), (d)-(1)
(C) (a)-(1), (b)-(4), (c)-(3), (d)-(2)
(D) (a)-(4), (b)-(1), (c)-(2), (d)-(3)

18. പഠനത്തിനായുള്ള മൂല്യനിർണയത്തിന് ഉദാഹരണമേത് ?

(1) ക്ലാസിൽ നടക്കുന്ന ചർച്ചയിൽ കുട്ടികളുടെ പങ്കാളിത്തം നിരീക്ഷിക്കുന്നത്.
(2) ക്ലാസിന്റെ ഇടയിൽ സംഘടിപ്പിക്കുന്ന അതിവേഗ പ്രശ്നോത്തരികൾ.
(3) ഒരു സെമസ്റ്റർ കഴിയുമ്പോൾ നടക്കുന്ന ഫൈനൽ പരീക്ഷ.
(4) കുട്ടികൾ ഒരു പ്രത്യേക ഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളടങ്ങിയ പോർട്ട്ഫോളിയോ.

(A) (1), (2), (3), (4) എന്നിവ
(B) (1) ഉം (4) മാത്രം
(C) (1) ഉം (2) മാത്രം
(D) (3) ഉം (4) മാത്രം

19. കണ്ടീഷനിംഗിന് ശേഷമുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ശരിയായ വാചകം ഏത് ?

(A) പട്ടി മണിനാദം ശ്രവിക്കുന്നു.
(B) പട്ടി ആഹാരം കാണുന്നു, മണിനാദം കേൾക്കുന്നു, ഉമിനീർ സ്രവിക്കുന്നു.
(C) മണിനാദം കേൾക്കുമ്പോൾ പട്ടി ഉമിനീർ സ്രവിക്കുന്നു.
(D) ദക്ഷണം കണ്ട ഉടനെ പട്ടി ഉമിനീർ സ്രവിക്കുന്നു.

17. Match the following :

(a)	Schema	(1)	Erikson
(b)	LAD	(2)	Vygotsky
(c)	Identity crisis	(3)	Piaget
(d)	ZPD	(4)	Chomsky

(A) (a)-(3), (b)-(4), (c)-(1), (d)-(2)
(B) (a)-(3), (b)-(4), (c)-(2), (d)-(1)
(C) (a)-(1), (b)-(4), (c)-(3), (d)-(2)
(D) (a)-(4), (b)-(1), (c)-(2), (d)-(3)

18. An example for **assessment for learning** is :

(1) Teacher's observation of student participation in class discussion.
(2) Quick quizes during a class.
(3) Final examination at the end of a semester.
(4) Portfolio of student work accumulated over a period.

(A) (1), (2), (3) and (4)
(B) (1) and (4) only
(C) (1) and (2) only
(D) (3) and (4) only

19. Which statement best explains association after conditioning ?

(A) Dog hears the bell
(B) Dog sees the food, hears the bell and salivates
(C) Dog hears the bell and salivates
(D) Dog sees the food and salivates

www.prepp.in

Prepp
Your Personal Exams Guide

20. പ്രീപ്രൈമറി ക്ലാസിൽ പഠിക്കുന്ന ടോമി കരഞ്ഞുകൊണ്ടിരിക്കെ, മിഠായി കണ്ടുടനെ പോടുന്നനെ കരച്ചിൽ നിർത്തി ചിരിക്കുവാൻ അരംഭിച്ചു. ഇത് എന്തിനെ സൂചിപ്പിക്കുന്നു :
(A) കുട്ടികളുടെ വികാരങ്ങൾ തീക്ഷ്ണമാണ്.
(B) കുട്ടികളുടെ വികാരങ്ങൾ ക്ഷണികമാണ്.
(C) കുട്ടികൾക്ക് വികാരങ്ങൾ നിയന്ത്രിക്കുവാനാകും.
(D) കുട്ടികൾക്ക് വികാരങ്ങൾ മറച്ചുവെക്കാനാകും

20. Tomy, a pre-primary child, while seeing a Toffee, suddenly stops crying and started smiling; it explains that :
(A) Children's emotions are intense
(B) Children's emotions are transitory
(C) Children can control their emotions
(D) Children can hide the emotions

21. താഴെ കൊടുത്തിരിക്കുന്നവയിൽ **തെറ്റായ** ബന്ധങ്ങൾ ഏതാണ് ?
(A) ഇന്ദ്രിയ-ചാലക ഘട്ടം - വസ്തുസ്ഥിരത ഇല്ലാതിരിക്കുക
(B) മൂർത്ത മനോവ്യാപാര ഘട്ടം - അനുമാന നിഗമന ചിന്ത
(C) ഔപചാരിക മനോവ്യാപാര ഘട്ടം - ജ്ഞാന സ്ഥാനാന്തരണം
(D) പ്രാഗ്- മനോവ്യാപാര ഘട്ടം - സംരക്ഷണം ഇല്ലായ്മ

21. Which among the following is a **wrong** combination ?
(A) Sensori-motor stage - Lack of object permanence
(B) Concrete-operational stage - Hypothetico-deductive reasoning
(C) Formal operational stage - Transfer of knowledge
(D) Pre-operational stage - Lack of conservation

22. എറിക് എറിക്സന്റെ അഭിപ്രായത്തിൽ കുട്ടി അനുഭവിക്കുന്ന ആദ്യത്തെ മനോസാമൂഹിക പ്രതിസന്ധി ഏത് ?
(A) താദാത്മ്യം Vs. റോൾ കൺഫ്യൂഷൻ
(B) സ്വാശ്രയത്വം Vs. നിന്ദ
(C) മുൻകൈ എടുക്കൽ Vs. കുറ്റബോധം
(D) വിശ്വാസം Vs. അവിശ്വാസം

22. According to Erik Ericson, first Psychosocial crisis experienced by the child is :
(A) Identity Vs. Role confusion
(B) Autonomy Vs. Shame
(C) Initiative Vs. Guilt
(D) Trust Vs. Mistrust

23. ലിംഗ അനന്യത (ജെൻഡർ ഐഡന്റിറ്റി) എന്ന പദം നിർദ്ദേശിച്ചത് :
(A) റോബർട്ട് ജെ. മാർക്ക്
(B) റോബർട്ട് ജെ. സ്റ്റോളർ
(C) വില്യം സ്റ്റോളർ
(D) ആൻ ജെ. സ്റ്റോളർ

23. The term gender identity was suggested by :
(A) Robert J. Mark
(B) Robert J. Stoller
(C) William Stoller
(D) Ann J. Stoller

www.prepp.in

Prepp
Your Personal Exams Guide

24. 'ജനറൽ ഏക്സൈറ്റ്മെന്റ്' എന്ന ഒരു വികാരം മാത്രമാണ് എമി എന്ന കുട്ടി പ്രകടിപ്പിക്കുന്നത്. കാതറിൻ ബ്രിഡ്ജ്ന്റെ അഭിപ്രായത്തിൽ ഈ കുട്ടി ഏത് പ്രായത്തിൽ ഉൾപ്പെടുന്നു ?
(A) കൗമാരം
(B) ശൈശവം
(C) പിൽകാല ബാല്യം
(D) മധ്യ ബാല്യം

25. സ്ഥിരാനുപാത പ്രബലന ഷെഡ്യൂളിന് ഉദാഹരണമേത് :
(1) അഞ്ച് ശരിയുത്തരങ്ങൾ വീതം പറഞ്ഞ കുട്ടികൾക്ക് അധ്യാപിക ഒരു സ്റ്റാർ നൽകുന്നു.
(2) പത്ത് പദ്ധതി രൂപരേഖ വീതം തയ്യാറാക്കിയ കുട്ടിക്ക് അധ്യാപകൻ ഒരു സമ്മാനം നൽകുന്നു
(3) ശരിയുത്തരം നൽകുന്ന മുറയ്ക്ക് അധ്യാപിക കുട്ടികളെ പ്രകീർത്തിക്കുന്നു
(4) അഞ്ച് കാറുകൾ വീതം വില്പന നടത്തുന്ന ജോലിക്കാരന് പ്രൊമോഷൻ ലഭിക്കുന്നു
(A) (1), (2), (4) എന്നിവ മാത്രം
(B) (1) ഉം (2) ഉം മാത്രം
(C) (1) ഉം (4) ഉം മാത്രം
(D) (1), (2), (3), (4) എന്നിവ

26. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ശരിയായി ചേരുന്നത് ഏതൊക്കെയാണ് ?
(A) ഡിസ്ലക്സിയ - വായിക്കുവാനുള്ള ബുദ്ധിമുട്ട്
(B) ഡിസ്കാല്കുലിയ - ചലിക്കുവാനുള്ള ബുദ്ധിമുട്ട്
(C) ഡിസ്ഗ്രാഫിയ - ഗണിത ആശയങ്ങളും നമ്പറുകളുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട്
(D) ഡിസ്ഫേസിയ - എഴുതുവാനുള്ള ബുദ്ധിമുട്ട്

24. Emy exhibits only one emotion of general excitement, according to Catherine Bridge, the child belongs which age group ?
(A) Adolescence
(B) Infancy
(C) Late childhood
(D) Middle childhood

25. An example for fixed ratio reinforcement schedule is :
(1) A teacher giving a star to those students who got each five correct answers.
(2) A teacher giving prize to those students who have completed each ten worksheets.
(3) A teacher appreciates the students whenever they give the right answer in a discussion.
(4) An employee getting promotion on completion of each five car sales.
(A) (1), (2) and (4) only
(B) (1) and (2) only
(C) (1) and (4) only
(D) (1), (2), (3) and (4)

26. Which among the following is the **most suitable** combination ?
(A) Dyslexia - Difficult to read
(B) Dyscalculia - Difficulty in movement
(C) Dysgraphia - Difficulty in numbers and maths concepts
(D) Dysphasia - Difficulty in writing

www.prepp.in

Prepp
Your Personal Exams Guide

27. സാന്മാർഗിക വികസന തത്വത്തിലെ പ്രീ-കൺവെൻഷനൽ കാലം ഏത് കാലയളവിലാണ് :

(A) 0 - 2 വയസ്

(B) 2 - 8 വയസ്

(C) 8 - 12 വയസ്

(D) 4 - 10 വയസ്

28. ഒരു അധ്യാപിക, പ്രതിഭാധനനായ ഒരു കുട്ടിയെ ഉയർന്ന ക്ലാസിലേക്ക് സ്ഥാനക്കയറ്റം നൽകി. ഇവിടെ അധ്യാപിക സ്വീകരിച്ചത് :

(A) ഉൾച്ചേർക്കൽ

(B) ത്വരിതപ്പെടുത്തൽ

(C) വേർപെടുത്തൽ

(D) പൊരുത്തപ്പെടൽ

29. ജാമറ്റ് എന്ന കുട്ടിയുടെ കാഴ്ചയിൽ നിന്ന് പാവയെ മാറ്റിയപ്പോഴേക്കും ജാമറ്റ് പാവയെ പൂർണമായും മറന്നുപോയി; പിയാഷേയുടെ അഭിപ്രായത്തിൽ അവൾ **ഏത്** ഘട്ടത്തിലാണ് ?

(A) ഔപചാരിക മനോവ്യാപാര ഘട്ടം

(B) മൂർത്ത മനോവ്യാപാര ഘട്ടം

(C) ഇന്ദ്രിയ-ചാലക ഘട്ടം

(D) പ്രാഗ് മനോവ്യാപാര ഘട്ടം

30. 'നല്ല കുട്ടി' എന്ന് കേൾക്കുവാനായി ബിനോയ് നന്നായി പെരുമാറുന്നു, കോൾബർഗിന്റെ ധാർമിക വികസന സിദ്ധാന്ത പ്രകാരം, അവൻ ഏത് ഘട്ടത്തിലാണ് ?

(A) ഔപചാരീക ഘട്ടം

(B) ഔപചാരീക പൂർവ്വ ഘട്ടം

(C) പോസ്റ്റ് കൺവെൻഷനൽ ഘട്ടം

(D) പ്രാഗ് മനോവ്യാപാര ഘട്ടം

27. Pre-conventional stage of moral development is from :

(A) 0 - 2 years

(B) 2 - 8 years

(C) 8 - 12 years

(D) 4 - 10 years

28. A teacher gives promotion to a gifted child to a higher class. Here the teacher had adopted :

(A) Inclusion

(B) Acceleration

(C) Segregation

(D) Acclimatisation

29. Jamet forget about the toy, when it was disappeared from her sight. According to Piaget, she is in **which** stage ?

(A) Formal operational

(B) Concrete operational

(C) Sensori-motor

(D) Pre-operational

30. Benoy behaves well to hear as a good boy; according to Kohlberg's moral development theory, he belongs to :

(A) Conventional stage

(B) Pre-conventional stage

(C) Post-conventional stage

(D) Pre-operational stage

www.prepp.in

Prepp
Your Personal Exams Guide

CATEGORY - I

PART - 1

Mathematics

Question Numbers 31 to 60

31. ചുവടെ കൊടുത്തിരിക്കുന്നവയിൽ **അഭാജ്യ സംഖ്യയല്ലാത്തത്** ഏത് ?

(A) 17

(B) 27

(C) 37

(D) 47

31. Which of the following is **not a prime number** ?

(A) 17

(B) 27

(C) 37

(D) 47

32. $43.4 - 23.6 + 29.6 - 17.4$ എത്ര ?

(A) 30.2

(B) 32

(C) 19.8

(D) 12

32. What is $43.4 - 23.6 + 29.6 - 17.4$?

(A) 30.2

(B) 32

(C) 19.8

(D) 12

33. $37^2 + 29^2$ നെക്കാൾ എത്ര കൂടുതലാണ് $(37 + 29)^2$?

(A) $2 \times 37 \times 29$

(B) 37×29

(C) $37 + 29$

(D) $2(37 + 29)$

33. How much more is $(37 + 29)^2$ than $37^2 + 29^2$?

(A) $2 \times 37 \times 29$

(B) 37×29

(C) $37 + 29$

(D) $2(37 + 29)$

34. a യുടെ b% ത്തിന്റെയും b യുടെ a% ത്തിന്റെയും തുക ab യുടെ എത്ര ശതമാനമാണ് ?

(A) a + b

(B) a − b

(C) ab

(D) 2

34. What percentage of ab is the sum of a% of b and b% of a ?

(A) a + b

(B) a − b

(C) ab

(D) 2

www.prepp.in

Prepp
Your Personal Exams Guide

35. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഗണിത പഠനത്തിന് ഏറ്റവും അനുയോജ്യമായ സോഫ്റ്റ്വെയർ ഏത് ?

(A) കെസ്റ്റാർസ്

(B) സ്റ്റെല്ലേറിയം

(C) ഇങ്ക്സ്കേപ്പ്

(D) ജിയോജിബ്ര

35. Which of the following is the most suitable software for learning Mathematics ?

(A) KStars

(B) Stellarium

(C) Inkscape

(D) Geogebra

36. ഒരു പരീക്ഷ തുടങ്ങാനായി ഒരു ബെല്ലടിക്കുകയും തുടർന്ന് ഓരോ അരമണിക്കൂർ കഴിയുമ്പോഴും ഓരോ ബെല്ലടിക്കുകയും ചെയ്യുന്നു. ആകെ 6 ബെല്ലടിച്ചുവെങ്കിൽ പരീക്ഷാസമയം എത്ര ?

(A) 2 മണിക്കൂർ 30 മിനിറ്റ്

(B) 3 മണിക്കൂർ

(C) 3 മണിക്കൂർ 30 മിനിറ്റ്

(D) 2 മണിക്കൂർ

36. After the first bell for starting the examination, bells rang each at an interval of half an hour. If the total number of bells rung is 6, then what is the duration of the examination ?

(A) 2 Hours 30 Minutes

(B) 3 Hours

(C) 3 Hours 30 Minutes

(D) 2 Hours

37. 1600 ന്റെ $6\frac{1}{4}$ % എത്ര ?

(A) 200

(B) 400

(C) 100

(D) 250

37. What is $6\frac{1}{4}$ % of 1600 ?

(A) 200


(B) 400

(C) 100

(D) 250


www.prepp.in

38. ചിത്രത്തിൽ കാണുന്ന സമചതുരത്തിന്റെയും മട്ടത്രികോണത്തിന്റെയും പരപ്പളവുകൾ തുല്യമാണെങ്കിൽ 'x' എത്രയാണ് ?



(A) 2
(B) 4
(C) 3
(D) 6

38. In the figure, if the area of the square and the right angled triangle are equal, then what is 'x' ?



(A) 2
(B) 4
(C) 3
(D) 6


39. ജനവരി മാസത്തെ ആദ്യത്തെ ഞായറാഴ്ച രണ്ടാം തീയതിയാണെങ്കിൽ ആ വർഷത്തെ ഫെബ്രുവരി മാസത്തെ ആദ്യ ഞായറാഴ്ച ഏതു ദിവസമായിരിക്കും ?

(A) ഫെബ്രുവരി 4
(B) ഫെബ്രുവരി 6
(C) ഫെബ്രുവരി 1
(D) ഫെബ്രുവരി 2

39. If first Sunday of January falls on January 2 then first Sunday of February will be :


(A) February 4
(B) February 6
(C) February 1
(D) February 2

40. ചിത്രത്തിൽ ABCD ഒരു സാമാന്തരികം ആണ് $\angle A=110°$ ആയാൽ $\angle B$ യുടെ അളവ് എന്ത് ?



(A) 70°
(B) 110°
(C) 55°
(D) 90°

40. In the figure ABCD is a parallelogram. If $\angle A=110°$, then what is the measure of $\angle B$?



(A) 70°
(B) 110°
(C) 55°
(D) 90°

www.prepp.in

41. 1, 3, 6, 10, 15, ... എന്ന സംഖ്യാശ്രേണിയുടെ പത്താമത്തെ പദം ഏതാണ് ?

(A) 45

(B) 150

(C) 55

(D) 110

41. What is the tenth term of the number sequence 1, 3, 6, 10, 15, ... ?


(A) 45

(B) 150

(C) 55

(D) 110

42. ചിത്രത്തിൽ $a+b=27$ ആണെങ്കിൽ $a-b$ എത്രയാണ് ?




(A) 4

(B) 12

(C) 6

(D) 3

42. In the figure, if $a+b=27$, then what is $a-b$?



(A) 4

(B) 12

(C) 6

(D) 3

43. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ് ?

(A) 51 ഒരു അഭാജ്യ സംഖ്യയാണ്.

(B) 6413 എന്ന സംഖ്യ 3 ന്റെ ഗുണിതമാണ്.

(C) 12, 15, 18 എന്നീ സംഖ്യകളുടെ ഏറ്റവും വലിയ പൊതുഘടകം 360 ആണ്.

(D) 7824 എന്ന സംഖ്യ 4 ന്റെ ഗുണിതമാണ്.

43. Which of the following statement is correct ?

(A) 51 is a prime number.

(B) 6413 is a multiple of 3.

(C) Highest common factor of 12, 15, 18 is 360.

(D) 7824 is a multiple of 4.

www.prepp.in

Prepp
Your Personal Exams Guide

44. വാൻ ഹേൽസിന്റെ പഠന സിദ്ധാന്തത്തിന്റെ വിവിധ ഘട്ടങ്ങളുടെ ശരിയായ ക്രമം ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?

(A) ദൃശ്യവൽക്കരണം, അമൂർത്തീകരണം, അപഗ്രഥനം

(B) അപഗ്രഥനം, ദൃശ്യവൽക്കരണം, അമൂർത്തീകരണം

(C) അമൂർത്തീകരണം, അപഗ്രഥനം, ദൃശ്യവൽക്കരണം

(D) ദൃശ്യവൽക്കരണം, അപഗ്രഥനം, അമൂർത്തീകരണം

44. The correct order of phases of Van Hiele's theory of learning :

(A) Visualization, Abstraction, Analysis

(B) Analysis, Visualization, Abstraction

(C) Abstraction, Analysis, Visualization

(D) Visualization, Analysis, Abstraction

45. രണ്ടു സ്ഥാനാർത്ഥികൾ മാത്രമുള്ള ഒരു തെരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർഥി 54 ശതമാനം വോട്ടുകൾ നേടി 96 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ വിജയിച്ചു. വോട്ടുകൾ ഒന്നും തന്നെ അസാധുവായിട്ടില്ലെങ്കിൽ ആകെ രേഖപ്പെടുത്തിയ വോട്ടുകളുടെ എണ്ണം എത്ര ?

(A) 960

(B) 540

(C) 1200

(D) 1296

45. In an election, involving two candidates, the winning candidate got 54% of votes and won by 96 votes. What is the total number of votes polled if all the votes are valid ?

(A) 960

(B) 540

(C) 1200

(D) 1296

46. $\frac{16}{x}=\frac{x}{9}$ ആയാൽ 'x' ആകാവുന്നത് ?

(A) 12

(B) 5

(C) 24

(D) 25

46. If $\frac{16}{x}=\frac{x}{9}$ then what is 'x' ?

(A) 12

(B) 5

(C) 24

(D) 25

www.prepp.in

Prepp
Your Personal Exams Guide

47. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഗണിത പഠനവുമായി ബന്ധപ്പെട്ട് പ്രശ്നനിർദ്ധാരണ തന്ത്രങ്ങളിൽ **പെടാത്തത്** ഏത് ?

(A) പിറകോട്ട് ചിന്തിക്കൽ

(B) ഊഹിക്കലും പരിശോധനയും

(C) പട്ടിക തയ്യാറാക്കൽ

(D) മനപ്പാഠമാക്കൽ

47. Which of the following is **not** a problem solving strategy in learning Mathematics ?

(A) Work backwards

(B) Guess and verify

(C) Prepare a table

(D) Rote learning

48. ഒരു ക്ലാസിലെ 10 കുട്ടികളുടെ വയസ്സുകളുടെ തുക 150 ആണ്. 4 വർഷങ്ങൾക്കു മുമ്പ് ഇവരുടെ വയസ്സുകളുടെ ശരാശരി എത്ര ആയിരുന്നു ?

(A) 12

(B) 15

(C) 11

(D) 10

48. The sum of ages of 10 students in a class is 150. What was the average of their ages 4 years ago ?

(A) 12

(B) 15

(C) 11

(D) 10

49. ഒരു സ്കൂളിലെ ആകെയുള്ള മൂന്ന് ക്ലാസുകളിലായി യഥാക്രമം 50, 60, 70 വിദ്യാർത്ഥികൾ ആണുള്ളത്. ഒരു പരീക്ഷയിൽ യഥാക്രമം 80%, 70%, 60% എന്നിങ്ങനെ ഓരോ ക്ലാസിൽ നിന്നും കുട്ടികൾ വിജയിച്ചു. അങ്ങനെയെങ്കിൽ സ്കൂൾ മൊത്തത്തിൽ പരിഗണിച്ചാൽ പരീക്ഷയിലെ കുട്ടികളുടെ വിജയശതമാനം എത്ര ?

(A) $68\frac{8}{9}\%$

(B) 70%

(C) 71%

(D) $73\frac{1}{3}\%$

49. A school has only three classes having 50, 60, 70 students respectively. In these classes 80%, 70% and 60% students respectively passed in an examination. What is the percentage of students passed in the examination from the entire school ?

(A) $68\frac{8}{9}\%$

(B) 70%

(C) 71%

(D) $73\frac{1}{3}\%$

www.prepp.in

Prepp
Your Personal Exams Guide

50. നാല് അഭാജ്യ സംഖ്യകളുടെ ഗുണനഫലം 2530 ആണ്. അവയിൽ ഒരു സംഖ്യ ആകാവുന്നത് ഏത് ?

(A) 10
(B) 5
(C) 7
(D) 3

50. The product of 4 prime numbers is 2530. Which of the following can be a number among them ?

(A) 10
(B) 5
(C) 7
(D) 3

51. തുടർച്ചയായ 8 എണ്ണൽ സംഖ്യകളുടെ തുക 140 ആണ്. എങ്കിൽ ആദ്യത്തെ സംഖ്യ ഏത് ?

(A) 15
(B) 17
(C) 14
(D) 18

51. If the sum of 8 consecutive natural numbers is 140, then the first number is :

(A) 15
(B) 17
(C) 14
(D) 18

52. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഒരു നല്ല ഗണിത പാഠപുസ്തകത്തിന്റെ സവിശേഷത **അല്ലാത്തത്** ഏത് ?

(A) ഉള്ളടക്കം കൂടുതലുള്ളത്
(B) പരിശീലനത്തിന് അവസരം ഉള്ളത്
(C) വ്യത്യസ്ത നിലവാരക്കാരായ കുട്ടികളെ പരിഗണിക്കുന്നത്
(D) സ്വയം പഠനം പ്രോത്സാഹിപ്പിക്കുന്നത്

52. Which of the following is **not** a quality of a good Mathematics textbook ?

(A) Having more content area
(B) Having provision for practice
(C) Considering different levels of children
(D) Promoting self learning

53. ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് രമ്യ 6 ദിവസവും രാഹുൽ 5 ദിവസവും ജോലി ചെയ്തു. രണ്ടു പേർക്കും കൂടി 13,200 രൂപ ലഭിച്ചു. അവർ ആനുപാതികമായി തുക വീതം വച്ചാൽ രാഹുലിന് ലഭിക്കുന്ന വിഹിതം എന്ത് ?

(A) 7200
(B) 5400
(C) 6000
(D) 6600

53. In a project Remya worked for 6 days and Rahul worked for 5 days. They got 13,200 rupees in total. If they divide the amount proportionally, what will be the share of Rahul ?

(A) 7200
(B) 5400
(C) 6000
(D) 6600

www.prepp.in

Prepp
Your Personal Exams Guide

54. ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ പ്രധാനമായും ഉദ്ദേശിക്കുന്നത് :

(A) കുട്ടികളെ പ്രോജക്ടുകൾ ചെയ്യാൻ സഹായിക്കുക.

(B) ഗണിതത്തിലെ പ്രയാസമുള്ള പ്രശ്നങ്ങൾ ചെയ്യുക

(C) ഗണിത പഠനത്തിൽ താൽപര്യം വളർത്തുക

(D) പഠനവേഗത കുറഞ്ഞ കുട്ടികളെ അസൈൻമെന്റ് പൂർത്തിയാക്കാൻ സഹായിക്കുക.

54. Mathematics Club activities are mainly meant for :

(A) Helping students in doing projects.

(B) Doing difficult problems in Mathematics.

(C) Increase interest in learning Mathematics.

(D) Helping slow learners in completing their assignments.

55. ചുവടെ കൊടുത്തിരിക്കുന്നവയിൽ **തെറ്റായ** ജോടി ഏതാണ് ?

(A) ഭാസ്കരാചാര്യ - ലീലാവതി

(B) യൂക്ലിഡ് - എലമെന്റ്സ്

(C) നീലകണ്ഠ സോമയാജി - തന്ത്രസംഗ്രഹ

(D) ആര്യഭടൻ - സിദ്ധാന്ത ശിരോമണി

55. Which of the following is an **incorrect** pair ?

(A) Bhaskaracharya - Lilavati

(B) Euclid - Elements

(C) Neelakanda Somayaji - Tantrasamgraha

(D) Aryabhata - Sindhanta Shiromani

56. താഴെ തന്നിരിക്കുന്ന ചോദ്യങ്ങളുടെ പ്രത്യേകത **അല്ലാത്തത്** ഏത് ?

(A) ദത്തങ്ങൾ കണ്ടെത്താനും അപഗ്രഥിക്കാനും കുട്ടിക്ക് അവസരം ലഭിക്കുന്നു.

(B) ചോദ്യത്തിന് ഒരു ഉത്തരം മാത്രമെ ലഭിക്കു.

(C) സാധ്യമായ വിവിധ ഉത്തരങ്ങൾ ഉണ്ട്.

(D) പ്രശ്നനിർധാരണത്തിന് വ്യത്യസ്ത വഴികൾ ഉണ്ട്

56. Which one of the following is **not** a characteristic of an open ended questions ?

(A) Opportunity for the child to collect and analyse the data.

(B) Gives only one answer to the question.

(C) Having multiple possible answers.

(D) Different methods for finding solution.

www.prepp.in

Prepp
Your Personal Exams Guide

57. $1 + 12 + 123 + 1234 + 12345$ എത്രയാണ് ?

(A) 13715

(B) 14715

(C) 13175

(D) 14175

58. ഒരു കച്ചവടക്കാരൻ 1200 രൂപയ്ക്ക് വാങ്ങിയ ഒരു ഷർട്ട് 1440 രൂപയ്ക്ക് വിറ്റു. ലാഭശതമാനം എത്ര ?

(A) 20%

(B) 10%

(C) 25%

(D) 15%

59. 12 ആളുകൾ 10 ദിവസം കൊണ്ട് തീർക്കുന്ന ഒരു ജോലി 15 ആളുകൾ എത്ര ദിവസം കൊണ്ട് ചെയ്തു തീർക്കും ?

(A) 5

(B) 8

(C) 9

(D) 6

60. ചുവടെ കൊടുത്തിരിക്കുന്നവയിൽ $\frac{3}{8}$ എന്ന ഭിന്ന സംഖ്യയെ സംബന്ധിച്ചിടത്തോളം **ശരിയല്ലാത്ത** പ്രസ്താവന ഏത് ?

(A) മൂന്നിനെ എട്ട് തുല്യഭാഗങ്ങളാക്കുമ്പോൾ കിട്ടുന്നത്

(B) ഒന്നിനെ എട്ട് തുല്യഭാഗങ്ങളാക്കിയതിൽ മൂന്നുഭാഗങ്ങൾ ചേർന്നത്

(C) മൂന്ന്, എട്ടിലൊന്നുകൾ ചേർന്നത്

(D) എട്ട്, മൂന്നിലൊന്നുകൾ ചേർന്നത്

57. What is $1 + 12 + 123 + 1234 + 12345$?

(A) 13715

(B) 14715

(C) 13175

(D) 14175

58. A Shopkeeper sold a shirt for 1440 rupees. If its cost price is 1200 rupees, then what is the profit percentage ?

(A) 20%

(B) 10%

(C) 25%

(D) 15%

59. 12 persons can complete a work in 10 days. How many days are needed to complete the same work by 15 persons ?

(A) 5

(B) 8

(C) 9

(D) 6

60. Which of the following statement is **not correct** related to $\frac{3}{8}$?

(A) Dividing 3 into 8 equal parts

(B) One is divided into eight equal parts and three parts together

(C) Three, one eighth

(D) Eight, one third

www.prepp.in

Prepp
Your Personal Exams Guide

CATEGORY - I
PART - 1
Environmental Studies
Question Numbers 61 to 90

61. പ്രക്രിയാ ബന്ധിത പഠന രീതിയിൽ ആദ്യം നടക്കുന്ന പ്രവർത്തനം :
(A) പ്രശ്നം അനുഭവപ്പെടുക
(B) പ്രശ്നത്തെ മുൻകാല അനുഭവങ്ങളുമായി ബന്ധിപ്പിക്കുക
(C) പ്രശ്നവുമായി ബന്ധപ്പെട്ട ഊഹം/ പരികല്പന രൂപീകരിക്കുക
(D) പ്രശ്ന വിശകലനം നടത്തുക

61. In process based learning approach the first activity is :
(A) Experiencing the problem
(B) Connect the problem to previous experience
(C) Make a guess/hypothesis about the problem
(D) Analyse the problem

62. റോക്കറ്റ് വിക്ഷേപണത്തിൽ നേരിട്ട് ഉപയോഗപ്പെടുത്തുന്ന ശാസ്ത്ര നിയമം :
(A) ഓംസ് നിയമം
(B) ന്യൂട്ടന്റെ ഒന്നാം ചലന നിയമം
(C) ന്യൂട്ടന്റെ രണ്ടാം ചലന നിയമം
(D) ന്യൂട്ടന്റെ മൂന്നാം ചലന നിയമം

62. The scientific law applied directly in rocket launch :
(A) Ohm's Law
(B) Newton's first Law of Motion
(C) Newton's second Law of Motion
(D) Newton's third Law of Motion

63. കേരളത്തിന്റെ അതിരുകൾ തിരിച്ചറിയുന്നതിന് അനുയോജ്യമായ പഠന പ്രവർത്തനം :
(A) കേരളത്തിന്റെ ഭൂപടം ഭിത്തിയിൽ തൂക്കിയിട്ട് അതിരുകൾ ചൂണ്ടിക്കാണിക്കുന്നു
(B) കേരളത്തിന്റെ ഭൂപടം നിലത്ത് യഥാർത്ഥ ദിശയിൽ നിവർത്തി വച്ച് അതിരുകൾ തിരിച്ചറിയുന്നു
(C) ജിഗ്സോ രീതി ഉപയോഗപ്പെടുത്തി അതിരുകൾ തിരിച്ചറിയുന്നു
(D) ഗ്ലോബ് ഉപയോഗിച്ച് അതിരുകൾ മനസ്സിലാക്കുന്നു

63. The suitable learning activity to identify the boundaries of Kerala is :
(A) Hang the map on the wall and point out the boundaries.
(B) Put the opened map on the floor in the exact direction and identify the boundaries.
(C) Identify the boundaries by using Jigsaw method.
(D) Understand the boundaries by using globe.

www.prepp.in

Prepp
Your Personal Exams Guide

64. താഴെ പറയുന്നവയിൽ ഹരിത ഗൃഹവാതകം **അല്ലാത്തത്** ?
(A) കാർബൺ ഡൈ ഓക്സൈഡ്
(B) നൈട്രസ് ഓക്സൈഡ്
(C) മീഥേയ്ൻ
(D) കാർബൺ മോണോക്സൈഡ്

64. Which of the following is **not** a green house gas ?
(A) Carbon dioxide
(B) Nitrous oxide
(C) Methane
(D) Carbon monoxide

65. വ്യത്യസ്ത ചെടികൾ വളർന്ന് കായ്കൾ ഉണ്ടാകുന്നതിനെടുക്കുന്ന കാലയളവ് ഒരു പോലെയോ എന്ന പ്രശ്നം പരിഹരിക്കുന്നതിന് അനുയോജ്യമായ പഠന തന്ത്രം :
(A) സംവാദം
(B) ഫീൽഡ് ട്രിപ്പ്
(C) ഗ്രൂപ്പ് ചർച്ച
(D) പ്രോജക്ട്

65. Learning strategy suitable for solving the problem of whether different plants take the same period of time to grow and produce fruits ?
(A) Debate
(B) Field trip
(C) Group discussion
(D) Project

66. **തെറ്റായ** ജോഡി ഏത് ?
(A) ഏപ്രിൽ 22 - ലോക ഭൗമ ദിനം
(B) മെയ് 22 - അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം
(C) മാർച്ച് 22 - ലോക വന ദിനം
(D) സെപ്റ്റംബർ 16- അന്താരാഷ്ട്ര ഓസോൺ ദിനം

66. Which is the **wrong** pair ?
(A) April 22 - World Earth Day
(B) May 22 - International Biodiversity Day
(C) March 22 - World Forest Day
(D) September 16 - International Ozone Day

67. എന്താണ് ക്യൂണികൾച്ചർ ?
(A) തേനീച്ച വളർത്തൽ
(B) മീൻ വളർത്തൽ
(C) മുയൽ വളർത്തൽ
(D) പട്ടു നൂൽ പുഴുവളർത്തൽ

67. What is cuniculture ?
(A) Bee keeping
(B) Fish farming
(C) Rabbit breeding
(D) Silkworm rearing

68. ജല സംഭരണ ശേഷി കൂടുതലുള്ള മണ്ണ് :
(A) എക്കൽ മണ്ണ്
(B) മണൽ മണ്ണ്
(C) ചെങ്കൽ മണ്ണ്
(D) കളി മണ്ണ്

68. Soil with high water storage capacity is :
(A) Alluvial soil
(B) Sandy soil
(C) Laterite soil
(D) Clay soil

www.prepp.in

Prepp
Your Personal Exams Guide

69. നാലാം ക്ലാസിൽ കൃഷിയുമായി ബന്ധപ്പെട്ട ക്ലാസ് വിനിമയം ചെയ്യുന്ന ടീച്ചർ ഒന്നു മുതൽ മൂന്നുവരെ ക്ലാസുകളിൽ കുട്ടി കൃഷിയുമായി ബന്ധപ്പെട്ട് നേടിയ ധാരണകൾ ഏതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. പാഠ്യപദ്ധതിയുടെ ഏത് സവിശേഷതയാണ് ഇവിടെ പ്രതിഫലിക്കുന്നത് ?

(A) ഉദ്ഗ്രഥിത സമീപനം

(B) ചാക്രികാരോഹണ സമീപനം

(C) പ്രക്രിയാ ബന്ധിത സമീപനം

(D) പരിസര ബന്ധിത സമീപനം

69. A teacher transacting a class related to agriculture in 4th class needs to understand what the child has learned about agriculture in classes 1 to 3. What feature of the curriculum reflected here ?

(A) Integrated approach

(B) Spiral approach

(C) Process oriented approach

(D) Environmental based approach

70. താഴെ പറയുന്ന പ്രസ്താവനകളുമായി ബന്ധപ്പെട്ട നേത്ര വൈകല്യം

- അടുത്തുള്ള വസ്തുക്കളിൽ നിന്നുള്ള പ്രകാശം റെറ്റിനയ്ക്ക് പിന്നിലായി ഫോക്കസ് ചെയ്യപ്പെടുന്നു.
- കോൺവെക്സ് ലെൻസ് ഉപയോഗിച്ച് പരിഹരിക്കാം.

(A) ദീർഘ ദൃഷ്ടി

(B) ഹ്രസ്വ ദൃഷ്ടി

(C) അസ്റ്റിഗ്മാറ്റിസം

(D) ഗ്ലോക്കോമ

70. Eye defects related to the following statements.

- Light from near by objects is focussed behind the retina.
- Can be resolved with a convex lens.

(A) Long sight

(B) Short sight

(C) Astigmatism

(D) Glaucoma

71. താഴെ പറയുന്നവയിൽ ഹരിതോർജ്ജം **അല്ലാത്തത്** ?

(A) കാറ്റിൽ നിന്നുള്ള ഊർജ്ജം

(B) സൗരോർജ്ജം

(C) പ്രകൃതി വാതകത്തിൽ നിന്നുള്ള ഊർജ്ജം

(D) ഭൂതാപോർജ്ജം

71. Which of the following is **not** a green energy ?

(A) Wind energy

(B) Solar energy

(C) Energy from Natural gas

(D) Geothermal energy

www.prepp.in

Prepp
Your Personal Exams Guide

72. കേരളത്തിന്റെ സംസ്ഥാന മത്സ്യം :
(A) മത്തി
(B) കരിമീൻ
(C) അയല
(D) ചെമ്മീൻ

72. State fish of Kerala :
(A) Sardine
(B) Pearl Spot
(C) Mackerel
(D) Shrimp

73. പ്രോട്ടിസ്റ്റ വിഭാഗത്തിൽപ്പെട്ട ഏകകോശജീവികൾ മൂലം ഉണ്ടാകുന്ന രോഗങ്ങളുടെ കൂട്ടം :
(A) വട്ടച്ചൊറി, വളം കടി, സോറിയാസിസ്
(B) ഡെങ്കിപ്പനി, കോളറ, ക്ഷയം
(C) ചിക്കൻഗുനിയ, പക്ഷിപ്പനി, ചിക്കൻ പോക്സ്
(D) മലേറിയ, അമീബിക് ഡിസന്ററി, സ്ലീപ്പിംഗ് സിക്ക്നസ്

73. Group of diseases caused by single celled organisms belonging to protista group :
(A) Ringworm, Athlete's foot, Psoriasis
(B) Dengue fever, Cholera, Tuberculosis
(C) Chickengunia, Bird fever, Chicken pox
(D) Malaria, Amoebic dysentary, Sleeping sickness

74. **ശരിയായ** ജോഡി ഏത് ?
(A) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആസ്ഥാനം - തിരുവനന്തപുരം
(B) റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - തൃശൂർ
(C) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് - കോഴിക്കോട്
(D) കാർഡമം റിസർച്ച് സ്റ്റേഷൻ - വയനാട്

74. Which is the **correct** pair ?
(A) Head Quarters of Kerala Institute of Local Administration - Trivandrum
(B) Rubber Research Institute of India - Trichur
(C) Indian Institute of Spices Research - Kozhikode
(D) Cardamom Research Station - Wayanad

75. ദുരന്തങ്ങളെ അതിജീവിക്കാൻ നിർമ്മിക്കുന്ന ഷെൽറ്ററിന്റെ സവിശേഷതയിൽ **പെടാത്തത്** ?
(A) എളുപ്പം നിർമ്മിക്കാൻ സാധിക്കുന്നു
(B) മതിയായ വായു സഞ്ചാരം ഉള്ളത്
(C) ചിലവ് കുടുതൽ
(D) ഘടനാപരയായ സമഗ്രത ഉള്ളത്

75. Which among the following is **not** a characteristic of shelter built to survive disasters ?
(A) Easier to built
(B) Adequate ventilation
(C) Costs more
(D) Structural Integrity

www.prepp.in

Prepp
Your Personal Exams Guide

76. താഴെ പറയുന്നവയിൽ കള്ളിമുൾച്ചെടിയുടെ വിഭാഗത്തിൽപ്പെടുന്ന ചെടി :
(A) നിശാഗന്ധി (എപ്പിഫില്ലം)
(B) ഇലമുളച്ചി (ബ്രയോഫില്ലം)
(C) കറിവേപ്പ്
(D) പേര

76. Of the following, the plant that belongs to the cactus group :
(A) Ephiphyllum
(B) Bryophyllum
(C) Murraya
(D) Guava

77. പരിസരത്തെക്കുറിച്ച്, പരിസരത്തിലൂടെ പരിസരത്തിനു വേണ്ടിയുള്ള പഠനമാണ് പരിസര പഠനം. ഇതിൽ 'പരിസരത്തെക്കുറിച്ച്' എന്നത് സൂചിപ്പിക്കുന്നത് ഏതു മേഖലയുടെ വികാസമാണ് ?
(A) മനോഭാവ മേഖല
(B) വിജ്ഞാന മേഖല
(C) സർഗാത്മക മേഖല
(D) പ്രക്രിയാ ശേഷി മേഖല

77. Environmental studies is the study of the environment, through the environment and for the environment. Here 'study of the environment' refers to the development of which domain ?
(A) Attitudinal domain
(B) Knowledge domain
(C) Creativity domain
(D) Process skill domain

78. താഴെ പറയുന്നവയിൽ നട്ടെല്ലുള്ള ജീവി ?
(A) കടൽ കുതിര
(B) നക്ഷത്ര മത്സ്യം
(C) കടൽ വെള്ളരിക്ക
(D) കടൽ ചേന

78. Which of the following creature is a vertebrate ?
(A) Sea horse
(B) Starfish
(C) Sea cucumber
(D) Sea urchin

79. താഴെ പറയുന്ന സൂചകങ്ങൾ ഉപശേഷികളായി വരുന്ന പ്രക്രിയാശേഷി
- വസ്തുക്കൾ, സസ്യങ്ങൾ, ജന്തുക്കൾ എന്നിവയെ തിരിച്ചറിയുന്നു
- സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു
- സവിശേഷതകൾ കൃത്യമായി വിശദീകരിക്കുന്നു
- ഒന്നിലധികം ഇന്ദ്രിയങ്ങൾ വിവരശേഖരണത്തിനായി ഉപയോഗിക്കുന്നു

(A) നിഗമനത്തിലെത്തൽ
(B) ആശയ വിനിമയം
(C) നിരീക്ഷണം
(D) വർഗ്ഗീകരണം

79. Name the process skill with the following indicators as sub skill.
- Recognises objects, plants and animals
- Finds similarities and differences
- Describes features accurately
- Uses multiple senses to gather information

(A) Inferring
(B) Communication
(C) Observation
(D) Classification

www.prepp.in

Prepp
Your Personal Exams Guide

80. സൂര്യനിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രഹങ്ങളുടെ **ശരിയായ** ക്രമീകരണം.

(A) സൂര്യൻ → ഭൂമി → ചൊവ്വ → ബുധൻ → ശുക്രൻ → വ്യാഴം → യുറാനസ് → ശനി → നെപ്ട്യൂൺ

(B) സൂര്യൻ → ബുധൻ → ശുക്രൻ → ഭൂമി → ചൊവ്വ → വ്യാഴം → ശനി → യുറാനസ് → നെപ്ട്യൂൺ

(C) സൂര്യൻ → ബുധൻ → ഭൂമി → ചൊവ്വ → ശുക്രൻ → വ്യാഴം → ശനി → യുറാനസ് → നെപ്ട്യൂൺ

(D) സൂര്യൻ → യുറാനസ് → നെപ്ട്യൂൺ → ശുക്രൻ → ചൊവ്വ → ഭൂമി → ബുധൻ → വ്യാഴം → ശനി

80. **Correct** order of the planets based on their distance from the sun.

(A) Sun → Earth → Mars → Mercury → Venus → Jupiter → Uranus → Saturn → Neptune

(B) Sun → Mercury → Venus → Earth→ Mars → Jupiter → Saturn → Uranus → Neptune

(C) Sun → Mercury → Earth → Mars → Venus → Jupiter → Saturn → Uranus → Neptune

(D) Sun → Uranus → Neptune → Venus → Mars → Earth → Mercury → Jupiter → Saturn

81. അന്വേഷണാത്മക പഠന പ്രക്രിയയിൽ (5E) താഴെ പറയുന്ന പ്രവർത്തനങ്ങൾ ടീച്ചർ നടത്തുന്ന ഘട്ടം.

- കുട്ടികളുടെ സ്വന്തം ഭാഷയിൽ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുക.
- ധാരണകൾക്ക് വിശദീകരണങ്ങൾ തേടുക.
- ആശയങ്ങളുടെ ക്രോഡീകരണത്തിന് വേണ്ട പിന്തുണ നൽകുക.

(A) എക്സ്പ്ലെയിൻ

(B) എക്സ്പ്ലോർ

(C) എൻഗേജ്

(D) ഇവാലുവേറ്റ്

81. The step in which the teacher carried out the following activities in the inquiry learning process (5E) :

- Encourage the children to express their ideas in their own language.
- Seek explanation for their ideas.
- Provide support for the organisations of ideas.

(A) Explain

(B) Explore

(C) Engage

(D) Evaluate

www.prepp.in

Prepp
Your Personal Exams Guide

82. ഒരു പരിസര പഠന യൂണിറ്റ് പൂർത്തിയായതിനു ശേഷം ടീച്ചർ പ്രസ്തുത യൂണിറ്റിന്റെ ആശയ പടം തയ്യാറാക്കാൻ നൽകുന്ന പ്രവർത്തനം ഏതു തരത്തിലുള്ള വിലയിരുത്തലാണ് ?

(A) പഠനത്തിനായുള്ള വിലയിരുത്തൽ

(B) പഠനത്തെ വിലയിരുത്തൽ

(C) വിലയിരുത്തൽ തന്നെ പഠനം

(D) പോർട്ട്ഫോളിയോ വിലയിരുത്തൽ

82. What type of assessment is the activity that teacher provides after the completion of the environmental lesson unit to create a concept map of that unit ?

(A) Assessment for learning

(B) Assessment of learning

(C) Assessment as learning

(D) Portfolio assessment

83. പൊള്ളലേറ്റാൽ നൽകേണ്ട പ്രഥമ ശുശ്രൂഷ :

(A) ഉപ്പു വെള്ളത്തിൽ കഴുകുക

(B) നെയ്യ് പുരട്ടുക

(C) സോപ്പും വെള്ളവുപയോഗിച്ച് കഴുക്കുക

(D) 10-15 മിനിറ്റ് സാധാരണ ജലം ഒഴിക്കുക

83. First Aid for burns :

(A) Rinse with salt water

(B) Apply ghee

(C) Wash with soap and water

(D) Rinse with normal water for 10-15 minutes

84. ഒരു ഭക്ഷ്യശൃംഖലയിലെ സസ്യാഹാരികൾ താഴെ പറയുന്നവയിൽ ഏതിൽ ഉൾപ്പെടുന്നു ?

(A) വിഘാടകർ

(B) ത്രിതീയ ഉപഭോക്താക്കൾ

(C) പ്രാഥമിക ഉപഭോക്താക്കൾ

(D) ദ്വിതീയ ഉപഭോക്താക്കൾ

84. Identify the correct category for herbivores in a food chain.

(A) Decomposers

(B) Tertiary consumers

(C) Primary consumers

(D) Secondary consumers

85. താഴെ പറയുന്നവയിൽ ഏറ്റവും വലിയ ശുദ്ധ ജല സ്രോതസ് ?

(A) തടാകങ്ങൾ, നദികൾ

(B) ഹിമാനികൾ, ഹിമപാളികൾ

(C) ഭൂഗർഭ ജലം

(D) കിണറുകൾ, കുളങ്ങൾ

85. Which of the following is the largest source of freshwater ?

(A) Lakes and Rivers

(B) Glaciers and Ice caps

(C) Groundwater

(D) Wells and Ponds

www.prepp.in

Prepp
Your Personal Exams Guide

86. താഴെ തന്നിരിക്കുന്നവയിൽ ക്വിസ് ഒരു പഠന തന്ത്രമായി പരിസര പഠന ക്ലാസിൽ ഉപയോഗപ്പെടുത്തുന്നതിന് അനുയോജ്യ-മായ രീതി :

(A) ടീച്ചർ പഠന വിഷയം നൽകി ചോദ്യങ്ങൾ നിർമിച്ച് ക്വിസ് നടത്തുന്നു.

(B) ടീച്ചർ പഠന വിഷയം നൽകി ചോദ്യങ്ങൾ നിർമിച്ചു നൽകി കുട്ടികളുടെ ഗ്രൂപ്പ് ക്വിസ് നടത്തുന്നു.

(C) ടീച്ചർ നൽകുന്ന പഠന വിഷയവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളും ചോദ്യങ്ങൾ നിർമിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളുടെ ഗ്രൂപ്പ് ചോദ്യങ്ങൾ തിരഞ്ഞെടുത്ത് ക്വിസ് നടത്തുന്നു.

(D) ടീച്ചർ പഠന വിഷയവുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ നിർമ്മിച്ചു ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളുടെ ഗ്രൂപ്പ് ചോദ്യങ്ങൾ തിരഞ്ഞെടുത്ത് ക്വിസ് നടത്തുന്നു.

86. Of the following the ideal method to use quiz as a learning strategy in environmental study class is :

(A) The teacher gives the topic and constructs questions and conduct the quiz.

(B) The teacher gives the topic and construct the questions and the children's group conduct the quiz.

(C) All the children constructs questions related to the topic given by the teacher and exhibit them in the class. Children's group select questions and conduct the quiz.

(D) Teacher constructs questions related to the topic and exhibit them in the class. Children's group select questions and conduct quiz.

87. താഴെ പറയുന്നവയിൽ അന്നജം കൂടുതലുള്ള ആഹാര പദാർത്ഥം :

(A) മുട്ട

(B) തിന

(C) കോഴി യിറച്ചി

(D) മോര്

87. Of the following food items the one which has highest starch content is :

(A) Egg

(B) Fox tail Millet

(C) Chicken

(D) Butter milk

www.prepp.in

Prepp
Your Personal Exams Guide

88. താഴെ പറയുന്ന പ്രത്യേകതകൾ ഉള്ള കേരളത്തിലെ ജില്ല.

- പടിഞ്ഞാറ് അറബിക്കടൽ
- കിഴക്ക് കർണാടകം
- കേരളത്തിലെ മറ്റു മൂന്നു ജില്ലകളുമായി അതിർത്തി പങ്കിടുന്നു.

(A) കാസർഗോഡ്

(B) കണ്ണൂർ

(C) കോഴിക്കോട്

(D) വയനാട്

88. The district in Kerala with the following characteristics.

- Arabian Sea to the West
- Karnataka in the East
- It shares border with other three districts of Kerala

(A) Kasargod

(B) Kannur

(C) Kozhikode

(D) Wayanad

89. ഒരു വർഷത്തിൽ എത്ര സമരാത്ര ദിനങ്ങൾ ഉണ്ടാകുന്നു ?

(A) ഒന്ന്

(B) രണ്ട്

(C) മൂന്ന്

(D) നാല്

89. How many Equinoxes occur in a year?

(A) One

(B) Two

(C) Three

(D) Four

90. 2024 ഐക്യരാഷ്ട്രസഭാ കാലാവസ്ഥാ വ്യതിയാന സമ്മേളനം (COP 29) നടന്ന സ്ഥലം :

(A) റിയോ ഡി ജനീറോ, ബ്രസീൽ

(B) പാരീസ്, ഫ്രാൻസ്

(C) ടോക്കിയോ, ജപ്പാൻ

(D) ബാകു, അസർ ബൈജാൻ

90. Venue of the 2024 United Nations Climate Change Conference (COP 29) :

(A) Rio de Janeiro, Brazil

(B) Paris, France

(C) Tokyo, Japan

(D) Baku, Azerbaijan

- o O o -

- o O o -